## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3511

14.03.2017-ൽ
മറുപടിക്ക്

## പോലീസ് സേനയുടെ നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>" **എം. സ്വരാജ്**<br>" **ഐ.ബി. സതീഷ്**<br>" **കെ.ഡി.പ്രസേനൻ** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) പോലീസ് സേനയുടെ നവീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; | (എ) പോലീസ് സേനയുടെ നവീകരണവും ആധുനികവത്ക്കരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1) ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കൽ<br>2) ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയുടെ വികസിപ്പിക്കൽ<br>3) സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതിക വികസിപ്പിക്കൽ<br>4) 3 ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കൽ<br>5) പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ് വെയറും ഫർണിച്ചറും വാങ്ങൽ<br>6) 100 പോലീസ് സ്റ്റേഷനുകളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കൽ<br>7) 4 ജില്ലകളിൽ ജില്ലാ കൺട്രോൾ റൂം നിർമ്മിക്കൽ<br>8) ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം<br>9) 13 ജില്ലകളിൽ പിങ്ക് കൺട്രോൾ റൂം |
| (ബി) ജനവിശ്വാസം നേടിയെടുക്കുന്നതിനോടൊപ്പം ജനസൗഹാർദ്ദപരമായി കൂടി പോലീസിനെ മാറ്റിത്തീർക്കാൻ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നത്; | (ബി) പോലീസിനെ ജനസൗഹാർദ്ദപരമായി മാറ്റിയെടുക്കുന്നതിലേയ്ക്കായി 2008-ൽ ആരംഭിച്ച ജനമൈത്രി സുരക്ഷാപദ്ധതി 2016 വരെ 267 പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. കേരളാ പോലീസിനെ മുഴുവൻ ഇപ്പോൾ ജനമൈത്രി സംവിധാനത്തിൻ കീഴിലാക്കുകയും പോലീസ് സ്റ്റേഷനുകളിലെ ബീറ്റ് ഓഫീസർമാർക്ക് ആവശ്യമായ അടിസ്ഥാന പരിശീലന പരിപാടികൾ കൃത്യമായി എല്ലാ വർഷവും നൽകുകയും ചെയ്തു വരുന്നു. |

(സി) കേസ് അന്വേഷണങ്ങൾക്കുള്ള ഉത്തരവാദിത്വം ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയത് ക്രമസമാധാന പാലനത്തിനും കേസന്വേഷണത്തിലും ഏതു തരത്തിൽ ഗുണപരമായ മാറ്റമുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

(സി) കേസന്വേഷണങ്ങൾക്കുള്ള ഉത്തരവാദിത്വം ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയതിനാൽ ക്രമസമാധാന പാലനത്തിൽ ഏർപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് കൂടുതൽ ഉത്തരവാദിത്വത്തോടെയും, കാര്യക്ഷമതയോടെയും, മികവോടെയും പ്രവർത്തിക്കുവാനുള്ള അവസരം ഉണ്ടാകുന്നുണ്ട്. കേസന്വേഷണത്തിൽ ഏർപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ഇതുമൂലം മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളും മേൽനോട്ടവും ലഭിക്കുന്നതിനാൽ കൂടുതൽ കാര്യക്ഷമമായും, ഉത്തരവാദിത്വത്തോടുകൂടിയും കേസന്വേഷണം നടത്തിക്കൊണ്ട് പോകുവാനും സാധിക്കുന്നു.

സെക്ഷൻ ഓഫീസർ